പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.7091.

11.7.2014 - ൽ
മറുപടിയ്ക്ക്

## വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എഫ്.ഐ, കെ.എസ്.യു, എ.ബി.വി.പി, എ.ഐ.എസ്.എഫ് എന്നീ സംഘടനകൾക്ക് കോളേജ് കാമ്പസ്സുകളിൽ പ്രവർത്തിക്കാൻ നിയമപരമായോ ഭരണഘടനാപരമായോ അവകാശമില്ലെന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ ബഹു.ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. ( പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട് ) |
| (ബി) | രാഷ്ട്രീയ പ്രവർത്തനം നടത്തില്ല എന്ന് വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും രേഖാമൂലം എഴുതിവാങ്ങും എന്ന് സത്യവാങ്മൂലത്തിൽ പറയുന്നുണ്ടോ ; | (ബി) | ഉണ്ട്. 2004 ൽ Kerala Students Union VS Sojan Francis, എന്ന കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്ന അധിക നിയന്ത്രണങ്ങളാണ് സത്യവാങ്മൂലത്തിലൂടെ ഫയൽ ചെയ്തിട്ടുള്ളത്. ഇത് അംഗീകരിച്ച് ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | സർക്കാർ നിർദ്ദേശാനുസരണമാണോ ഈ ഉദ്യോഗസ്ഥൻ പ്രസ്തുത സത്യവാങ്മൂലം നൽകിയത് എന്ന് വ്യക്തമാക്കുമോ ; | (സി) | അതെ. |
| (ഡി) | കോടതിയിൽ നൽകിയ പ്രസ്തുത സത്യവാങ്മൂലം സർക്കാർ നയമല്ല എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ; | (ഡി) | ബാധകമല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

Premkumar
സെക്ഷൻ ഓഫീസർ